## ഉത്തരം

(എ) സർക്കാർ അംഗീകരിച്ച കാർഷികനയം നടപ്പാക്കണമെങ്കിൽ ചുവടെപ്പറയുന്ന 7 നയങ്ങൾ നടപ്പിലാക്കുന്നതിനാണ് നിയമ നിർമ്മാണത്തിന്റെ പിൻബലം ആവശ്യമുള്ളത്:

- കേരള കർഷക ക്ഷേമ ബോർഡ്
- ഇൻകം ഗ്യാരന്റി ആക്ട്
- കേരള സ്റ്റേറ്റ് വില നിർണ്ണയ അതോറിറ്റി
- അവകാശ ലാഭം
- സീഡ് ആക്ട് കേരളത്തിൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്
- വായ്പാനയം
- കാർഷിക ബഡ്ജറ്റ്

(ബി) നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് ബില്ലുകൾ തയ്യാറാക്കിവരുന്നു.

(സി) ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ കരട് ബില്ലുകൾ തയ്യാറാക്കിവരുന്നു. പ്രസ്തുത ബില്ലുകൾ നിയമ വകുപ്പിന്റെയും ക്യാബിനറ്റിന്റെയും പരിഗണനയ്ക്കായി 2015 ആഗസ്റ്റ് മാസത്തോടെ സമർപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഇല്ല.

(ഇ) നിയമനിർമ്മാണം ആവശ്യമില്ലാത്ത കാര്യങ്ങൾ ഗവൺമെന്റ് തലത്തിലും വകുപ്പ് മേധാവികളുടെ തലത്തിലും ഉത്തരവുകൾ ആവശ്യമാണ്. ആയതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ കൃഷി വകുപ്പിലും മൃഗസംരക്ഷണ വകുപ്പിലും തയ്യാറാക്കിവരുന്നു.

(എഫ്) സർക്കാർ അംഗീകരിച്ച കാർഷിക നയങ്ങളെ അധിഷ്ഠിതമാക്കിയുള്ള പദ്ധതികൾ തയ്യാറാക്കി അടുത്തവർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. പുതിയ പദ്ധതികൾക്ക് കാർഷിക നയത്തെ അധിഷ്ഠിതമാക്കി രൂപരേഖ തയ്യാറാക്കുന്നതാണ്.

## കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ

**154 (4192)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കാർഷിക ഉൽപ്പാദനമേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ബി) കാർഷിക വിളവുകളുടെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത, വിലലഭ്യത, മാർക്കറ്റിംഗ് എന്നിവ കാര്യക്ഷമമാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) തൊഴിലാളികളുടെ ദൗർലഭ്യം, ഉൽപാദനോപാധികളുടെ വിലവർദ്ധനവ് അനിയന്ത്രിതമായ നിലംനികത്തൽ, ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാതിരിക്കൽ, ജലസേചന സൗകര്യങ്ങളുടെ അഭാവംതുടങ്ങി ഈ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് കൃഷി ആകർഷകമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കാർഷിക ഉൽപ്പാദന മേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് കൃഷി വകുപ്പ് പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ബി) കാർഷിക വിളകളുടെ ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ കാര്യക്ഷമമാക്കുന്നതിനും ഉല്പന്നങ്ങൾക്ക് നല്ല വില ലഭിക്കുന്നതിനും കൃഷി വകുപ്പ് നടപ്പിലാക്കിയ സംസ്ഥാനാവിഷ്കൃത പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. നെൽകൃഷി വികസന പദ്ധതി
2. നാളികേര വികസന പദ്ധതി
3. കൃഷി വകുപ്പ് ഫാമുകളുടെ ശാക്തീകരണം
4. കുട്ടനാട് വികസനത്തിനുള്ള 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പദ്ധതി
5. വിള ആരോഗ്യ പരിപാലനം
6. സുഗന്ധവിളകളുടെ വികസനം
7. ഹൈ-ടെക് അഗ്രികൾച്ചർ
8. പച്ചക്കറി വികസന പദ്ധതി
9. മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത വർദ്ധിപ്പിക്കലും
10. വയനാട് പാക്കേജ് പദ്ധതി
11. വിപണി വികസന പദ്ധതി
12. വിലസ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

(സി) കാർഷിക മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെയാണ് കൃഷി വകുപ്പ് കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് അഗ്രോ സർവ്വീസ് സെന്ററുകൾ തെരഞ്ഞെടുത്ത 50 ബ്ലോക്കുകളിലും കാർഷിക കർമ്മസേനകൾ തെരഞ്ഞെടുത്ത 200 ഗ്രാമപഞ്ചായത്തുകളിലും രൂപീകരിച്ച് സജീവമായി പ്രവർത്തിച്ചു വരുന്നു.

ഉല്പാദനോപാധികളുടെ വിലവർദ്ധനവിന് പരിഹാരമായി നെല്ല്, നാളികേരം, പച്ചക്കറി തുടങ്ങിയ പ്രധാന വിളകൾ അടിസ്ഥാനമാക്കി നടപ്പിലാക്കുന്ന വികസന പദ്ധതികളിലൂടെ കൃഷിയുടെ വിസ്തീർണ്ണത്തിന് ആനുപാതികമായി ധനസഹായം നൽകിവരുന്നു.

നിലം നികത്തൽ തടയുന്നതിനായി 2008-ലെ നെൽവയൽ നീർത്തട സംരക്ഷണ ആക്ട് നടപ്പിലാക്കിവരുന്നു. അനധികൃത നിലം നികത്തൽ നടന്നാൽ ബന്ധപ്പെട്ട കൃഷി ഓഫീസർ ഈ വിവരം തുടർ നടപടികൾക്കായി ജില്ലയിലെ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് രേഖാമൂലം റിപ്പോർട്ട് ചെയ്തുവരുന്നു.

ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിന് നെല്ല്, പച്ചത്തേങ്ങ എന്നിവയുടെ സംഭരണം യഥാക്രമം സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരഫെഡ് എന്നീ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു.

ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നാളികേര വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി എന്നിവയിലൂടെ കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും കർഷകരുടെ ക്ലസ്റ്ററുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നു. മുകളിൽ സൂചിപ്പിച്ച പദ്ധതികൾ നടപ്പിലാക്കുകവഴി കർഷകർ നേരിടുന്ന പ്രധാന കാർഷിക പ്രശ്നങ്ങൾക്ക് വലിയൊരളവുവരെ പരിഹാരം കണ്ടെത്തുവാനും കൃഷി ആകർഷകമാക്കുവാനും കഴിഞ്ഞിട്ടുണ്ട്.

**കൂടുതൽ അളവിൽ വെള്ളം ലഭിക്കുന്ന കരിക്ക് ലഭ്യമാകുന്ന തെങ്ങിനങ്ങൾ**

**155 (4193)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിക്കിന്റെ ആവശ്യം ദിനംപ്രതി വർദ്ധിച്ചുവരുന്നത് കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly